**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07
**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 15**

**Date : 19.05.2026**

# MJSSA കലോത്സവം 2026

## സബ് ജൂണിയർ ( Date of Birth On or after 01.01.2018 )

# "ബാലനായ ദാവീദ് "

റവ.ഫാ.യൂഹാനോൻ ( സിബി ) വേലിയ്ക്കകത്ത്,
റവ.ഫാ.എമിൽ വർഗീസ് വേലിയ്ക്കകത്ത് എന്നിവരുടെ നേതൃത്വത്തിൽ
എം.ജെ.എസ്.എസ്.എ കോട്ടയം ഭദ്രാസന കമ്മിറ്റി തയ്യാറാക്കിയ
സബ് ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ

**Prepared By**



**Rev. Fr. Yoohannon (Siby) Velikkakathu**

**Vicar**
**St.Adais Jacobite Syrian Church**
**Nalunnakkal**

**Assistant Vicar**
**St.Mary's Chapel illickal**



**Rev. Fr. Emil Varghese Velikkakathu**

**Vicar**
**St.George Jacobite Syrian Church**
**Nedumavu**

**Assistant Vicar**
**St.Mary's Jacobite Syrian Church**
**Neelimangalam**

KOTTAYAM
19.05.2026

**ഓരോ വിഷയത്തെക്കുറിച്ചും ഈ PDF ൽ നൽകിയിട്ടുള്ള എല്ലാ പ്രസംഗങ്ങളും (Page No: 2 to 9 ) കുട്ടികൾ വായിക്കുകയും, അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങളിൽ കൂടി (Page No: 10 to 12 ) ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആമുഖത്തിൽ പ്രസംഗവുമായി ബന്ധപ്പെട്ട, വിഷയത്തിലേക്ക് നയിക്കുന്ന ഒരു ആനുകാലിക സംഭവവും ഉൾപ്പെടുത്തിയാൽ ഉചിതമാവും. ഓരോ വിഭാഗത്തിലും പ്രസംഗത്തിനുള്ള സമയക്രമീകരണവും മനസിലാക്കുക**

**( Sub Junior – 3 Minutes )**

-------------------------------------- ---

## പ്രസംഗം - 1

ദൈവ തിരുനാമത്തിനു മഹത്വമുണ്ടാകട്ടെ.

ബഹുമാനപ്പെട്ട അദ്ധ്യാപകരേ, വിധികർത്താക്കളെ, മാതാപിതാക്കളെ, എന്റെ പ്രിയ കൂട്ടുകാരേ... ഇന്നത്തെ എന്റെ പ്രസംഗ വിഷയം ' ബാലനായ ദാവീദ് ' എന്നതാണല്ലോ. അതേ കുറിച്ച് എന്റെ മനസ്സിൽ തോന്നുന്ന ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ദാവീദ് എന്നാൽ വിശ്വസ്തതയുടെയും ദൈവത്തിലുള്ള ആശ്രയത്തിന്റെയും പ്രതീകമാണ്. നാം പലപ്പോഴും ബാഹ്യമായ രൂപത്തിനും വലിപ്പത്തിനും വലിയ പ്രാധാന്യം നൽകുന്നവരാണ്. എന്നാൽ ദൈവത്തിന്റെ അളവുകോൽ മനുഷ്യന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഏശായാ പ്രവാചകന്റെ പുസ്തകത്തിൽ അൻപത്താഞ്ചാം അദ്ധ്യായം ഒൻപതാം വാക്യത്തിൽ (**ഏശായാ 55:9**) *"എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നവയാകുന്നു"* എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വി.ഗ്രന്ഥം പരിശോധിച്ചാൽ ഏറ്റവും പ്രഗത്ഭ രാജാവായ ദാവീദിന്റെ ചരിത്രവും ഇങ്ങനെ തന്നെയാണ്. ബാല്യകാലത്ത് സ്വന്തം കുടുംബത്തിൽ നിന്നു പോലും കാര്യമായ പരിഗണന ലഭിക്കാതിരുന്ന ആ ഇടയ ബാലനിൽ നിന്നും നമ്മുടെ ആത്മീയ ജീവിതത്തിലേക്കു പകർത്തേണ്ട വലിയ പാഠങ്ങൾ എന്തൊക്കെയാണെന്നു തിരുവചനത്തിന്റെ വെളിച്ചത്തിൽ നമ്മുക്കു പരിശോധിക്കാം.

### 1. കർത്താവ് ഹൃദയത്തെ നോക്കുന്നു. (1 ശമൂവേൽ 16:7)

ശമൂവേൽ പ്രവാചകൻ യിശ്ശായിയുടെ ഭവനത്തിൽ രാജാവിനെ അഭിഷേകം ചെയ്യാൻ വന്നപ്പോൾ യിശ്ശായി തന്റെ മക്കളിൽ മിടുക്കരും സുന്ദരന്മാരുമായവരെ ശമൂവേലിന്റെ മുന്നിൽ നിർത്തി. എന്നാൽ കർത്താവ് ശമൂവേലിനോട് പറഞ്ഞതിങ്ങനെയാണ്. **(1 ശമൂവേൽ 16:7)** *"മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കാഴ്ചപ്രകാരം നോക്കുന്നു; കർത്താവു*

*<u>ഹൃദയത്തെ നോക്കുന്നു" എന്നു പറഞ്ഞു</u>*. അതായത്, മനുഷ്യൻ കണ്ണിനു കാണുന്നതിനെ നോക്കുന്നു. കർത്താവോ ഹൃദയത്തെ നോക്കുന്നു. ***ആരും പരിഗണിക്കാതെ കാട്ടിൽ ആടുകളെ മേയ്ച്ചു കൊണ്ടിരുന്ന ആ ഇളയ ബാലന്റെ നിർമലമായ ഹൃദയം കണ്ടുകൊണ്ടാണ്*** ദൈവം അവനെ യിസ്രായേലിന്റെ രാജാവായി തിരഞ്ഞെടുത്തത് എന്ന് നാം മനസിലാക്കണം.

**<u>2. ചെറിയ കാര്യങ്ങളിലെ വിശ്വസ്ഥത ( 1 ശമൂവേൽ 17: 34-36)</u>**

ഗോലിയാത്ത് എന്ന ഭീമനെ നേരിടാൻ പോകുന്നതിന് മുൻപ് ദാവീദ് പറയുന്ന ഒരു പ്രധാന കാര്യമുണ്ട്. താൻ തന്റെ അപ്പന്റെ ആടുകളെ മേയ്ക്കുമ്പോൾ വന്ന സിംഹത്തേയും കരടിയേയും അവൻ വെറും കയ്യോടെ കൊന്നിട്ടുണ്ട്. **ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരുന്ന... ആടുകൾക്ക് വേണ്ടി സ്വന്തം ജീവൻ പണയം വെച്ച... ആ നല്ല ഇടയനെയാണ്** ദൈവം പിന്നീട് തന്റെ ജനത്തെ മേയ്ക്കുവാൻ ഏൽപിച്ചത്. കുട്ടികളെ... മറ്റാരും കാണാനില്ലാത്ത കാട്ടിൽ, വെറുമൊരു ആടിനുവേണ്ടി ജീവൻ പണയം വച്ച ദാവീദിന്റെ ആ ആത്മാർത്ഥതയാണ് അവനെ വലിയൊരു ജനതയുടെ ഇടയനാക്കി മാറ്റിയത്.

**<u>3. ദൈവത്തിലുള്ള അചഞ്ചലമായ ആശ്രയം (1 ശമൂവേൽ 17:45)</u>**

ഗോലിയാത്തിനെ നേരിടുമ്പോൾ ദാവീദിന്റെ കയ്യിൽ വാളോ കുന്തമോ പടച്ചട്ടയോ ഇല്ലായിരുന്നു. അവൻ ഗോലിയാത്തിനോട് പറഞ്ഞത് ഇപ്രകാരമാണ്: **<u>(1 ശമൂവേൽ 17:45)</u>** *<u>"നീ വാളും കുന്തവുമായി എന്റെ നേരെ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരയുടെ ദൈവമായ ബലവാനായ കർത്താവിന്റെ നാമത്തിൽ നിന്റെ നേരെ വരുന്നു."</u>* തന്റെ ശാരീരിക ബലത്തിലല്ല, മറിച്ച് ദൈവത്തിന്റെ ശക്തിയിലാണ് അവൻ പൂർണ്ണമായും ആശ്രയിച്ചത്. ഈ വചനഭാഗങ്ങൾ നമുക്ക് നൽകുന്ന പ്രധാന ആശയം വളരെ വ്യക്തമാണ്. നമ്മുടെ ലോകം കഴിവുള്ളവരെയും ശക്തന്മാരെയും സ്വാധീനമുള്ളവരെയും അന്വേഷിക്കുമ്പോൾ, **ദൈവം അന്വേഷിക്കുന്നത് തന്നിൽ പൂർണ്ണമായി ആശ്രയിക്കുന്ന, എളിയ ഹൃദയങ്ങളെയാണ്**. നിങ്ങളുടെ മുന്നിലുള്ള പ്രതിസന്ധികൾ ഗോലിയാത്തിനെപ്പോലെ എത്ര വലുതായിരുന്നാലും, നിങ്ങളുടെ പക്കലുള്ളത് അഞ്ച് ചെറിയ കല്ലുകൾ മാത്രമാണെങ്കിലും... ദൈവം കൂടെയുണ്ടെങ്കിൽ വിജയം നിശ്ചയമാണ്. **നമ്മുടെ ആയുധം ഭയമല്ല, മറിച്ച് ദൈവത്തിലുള്ള ഉറച്ച വിശ്വാസമാണ്**.

ദാവീദിനെ അഭിഷേകം ചെയ്യാൻ ശമൂവേൽ വന്നപ്പോൾ ഏഴ് സഹോദരന്മാരും അവിടെ ഉണ്ടായിരുന്നു. എന്നാൽ അവരെയല്ല, പുറത്ത് ആടുകളെ മേയ്ച്ചു കൊണ്ടിരുന്ന എട്ടാമനായ ദാവീദിനെയാണ് ദൈവം

തിരഞ്ഞെടുത്തത്. **ലോകം നിങ്ങളെ എട്ടാമനായി തഴഞ്ഞാലും, ദൈവത്തിന്റെ മുൻപിൽ നിങ്ങൾ ഒന്നാമനാകാം.**

പ്രിയമുള്ളവരേ, ബാലനായ ദാവീദിന്റെ ജീവിതം നമുക്കൊരു വലിയ പ്രചോദനമാണ്. നമ്മുടെ കുറവുകളെയോ ബലഹീനതകളെയോ ഓർത്ത് നാം നിരാശപ്പെടേണ്ടതില്ല. **ലോകം നമ്മെ ചെറുതായി കണ്ടാലും, ദൈവം നമ്മുടെ ഹൃദയത്തിലെ വിശ്വസ്തതയും സ്നേഹവും കാണുന്നുണ്ട്**. സിംഹത്തിന്റെയും കരടിയുടെയും വായിൽ നിന്നും ദാവീദിനെ വിടുവിച്ച ദൈവം, പ്രതിസന്ധികളുടെ നടുവിൽ നമ്മെയും കാത്തുസൂക്ഷിക്കുമെന്ന് നാം ഉറച്ച് വിശ്വസിക്കണം എന്ന് പറഞ്ഞു കൊണ്ട് വാക്കുകൾ നിർത്തുന്നു.

നന്ദി.നമസ്കാരം.

---

Kottayam Diocese Kottayam Diocese Kottayam Diocese

## <u>പ്രസംഗം - 2</u>

ത്രിയേക ദൈവത്തിന് സ്തുതി,

ബഹുമാന്യരായ വൈദീക ശ്രേഷ്ഠരേ, അദ്ധ്യാപകരെ, മാതാപിതാക്കന്മാരെ, സ്നേഹം നിറഞ്ഞ സുഹൃത്തുക്കളെ, ഏവർക്കും വീണ്ടും വരുമെന്ന് അരുളിചെയ്ത യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹ വന്ദനം അറിയിക്കട്ടെ. ഇന്ന് അല്പസമയം നിങ്ങളുമായി ചിന്തിക്കുവാൻ എനിക്ക് ലഭിച്ചിരിക്കുന്നത് "ബാലനായ ദാവീദ്" എന്ന വിഷയമാണ്.

**വി.വേദപുസ്തകത്തിൽ വളരെ ശ്രേഷ്ഠവും എല്ലാവർക്കും പ്രചോദനപരവുമായ ഒരു വ്യക്തിയാണ് ദാവീദ്**. സാധാരണ ആട്ടിടയനായ ഒരു ബാലനായിരുന്നു ദാവീദ്. അവൻ തന്റെ ആടുകളെ മേയ്ച്ചു കൊണ്ടിരുന്ന ഒരു സാഹചര്യത്തിൽ നിന്ന് ഇസ്രയേലിന്റെ പുതിയ രാജാവായി തെരഞ്ഞെടുക്കപ്പെടുന്നത് **ശമൂവേലിന്റെ ഒന്നാം പുസ്തകം പതിനാറാം അദ്ധ്യായത്തിൽ** നാം കാണുന്നുണ്ട്. ബാലനായ ദാവീദിന്റെ ജീവിതത്തിൽ ഉണ്ടായിരുന്ന പ്രത്യേകതകൾ എന്തെല്ലാമാണെന്ന് ശമൂവേൽ പ്രവാചകന്റെ പുസ്തകം വായിക്കുമ്പോൾ നമുക്ക് മനസിലാക്കാൻ സാധിക്കും. അഭിഷിക്തനായെങ്കിലും താഴ്മയോടെ വീണ്ടും ആടുകളെ മേയ്ക്കാനും തന്റെ സഹോദരങ്ങൾക്ക് ഭക്ഷണം എത്തിക്കാനും പോയ **ദാവീദിന്റെ അനുസരണശീലം** എടുത്തു പറയേണ്ട ഒന്നാണ്.

**ബാല്യത്തിൽ തന്നെ എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന വലിയ വിജയം വരിച്ചവനാണ് ദാവീദ്**. ഇസ്രയേൽ ജനതയെ ഭയപ്പെടുത്തുന്ന ഗോലിയാത്ത് എന്ന മല്ലനെ തോൽപ്പിക്കുവാൻ ആർക്കും സാധിക്കാതെ ഭയപ്പെട്ടു നിൽക്കുമ്പോൾ, ബാലനായ ദാവീദ് ധൈര്യത്തോടെ മുൻപോട്ട് വന്ന് ഗോലിയാത്തിനെ വധിക്കുന്നത് ആയുധങ്ങളുടെ വലിപ്പം കൊണ്ടല്ല, അവന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന ദൈവവിശ്വാസം കൊണ്ടാണ്. ഒരു കവണയും കുറച്ച് കല്ലുകളുമായി ഗോലിയാത്തിന്റെ മുൻപിലേക്ക് കടന്നുചെല്ലുന്ന ബാലനായ ദാവീദ് പറയുകയാണ്: *"നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു. ഞാനോ നീ നിന്ദിച്ചിട്ടുള്ള ഇസ്രായേൽ നിരയുടെ ദൈവമായ ബലവാനായ കർത്താവിന്റെ നാമത്തിൽ നിന്റെ നേരേ വരുന്നു"* (**1 ശമൂവേൽ 17:45)**

പ്രിയ സഹോദരങ്ങളെ, ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത് പ്രായം ചെറുതാണെങ്കിലും വിശ്വാസം വലിയതായിരിക്കണം എന്നാണ്. **ദൈവത്തിൽ വിശ്വസിച്ചാൽ എല്ലാ അസാധ്യതകളും നമുക്ക് സാധ്യമാകുമെന്ന്** ബാലനായ ദാവീദ് നമ്മെ ഓർമ്മിപ്പിക്കുന്നു. പലപ്പോഴും ജീവിതത്തിലെ പരീക്ഷണങ്ങളിൽ നാം ഭയപ്പെട്ടു പോകുന്നത് നമുക്ക് ദൈവത്തിൽ വിശ്വാസമില്ലാത്തപ്പോഴാണ്. എന്നാൽ ദൈവത്തിൽ വിശ്വസിച്ചാൽ ജീവിതപ്രശ്നങ്ങൾ വലുതാണെങ്കിലും അതിനെ അതിജീവിച്ച് വിജയം വരിക്കാൻ നമുക്ക് സാധിക്കുമെന്ന് ബാലനായ ദാവീദിന്റെ ജീവിതാനുഭവം നമ്മെ പഠിപ്പിക്കുകയാണ്. ദൈവത്തിൽ വിശ്വാസമുള്ളവർ ഒരിക്കലും തോറ്റുപോവുകയില്ല; അവർ എന്നാളും വിജയിക്കും.

രണ്ടാമതായി, ബാലനായ ദാവീദിന്റെ ജീവിതത്തിൽ നാം കാണുന്നത് **ചെറിയ കാര്യങ്ങളെ അവഗണിക്കരുത്** എന്നാണ്. ദാവീദിന്റെ കയ്യിലുണ്ടായിരുന്ന ഒരു ചെറിയ കല്ല് വലിയ വിജയത്തിന് കാരണമായി. നമുക്ക് ദൈവം നൽകിയ കഴിവുകൾ (താലന്തുകൾ) ചെറുതാണെങ്കിലും അതുപയോഗിച്ച് വലിയ വിജയങ്ങൾ നേടിയെടുക്കാൻ ദൈവം നമ്മെ സഹായിക്കുമെന്ന് ബാലനായ ദാവീദിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

അതുകൊണ്ട് സൺഡേ സ്കൂൾ വിദ്യാർത്ഥികളായ നമ്മൾ ദാവീദിനെപ്പോലെ നമ്മുടെ കഴിവുകൾ വളർത്തുന്നവരും നല്ല ദൈവവിശ്വാസമുള്ളവരും ആയിത്തീരണം. ദാവീദിനെപ്പോലെ പ്രാർത്ഥനയിലും സ്തുതിപ്പിലും നമുക്ക് വളരാം. അതിലൂടെ സഭയ്ക്കും സമൂഹത്തിനും നന്മകൾ പ്രദാനം ചെയ്യുന്നവരായി വളരുവാൻ സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും ലഭ്യമാകട്ടെ എന്ന് പ്രാർത്ഥിച്ച് ആശംസിച്ച് നിർത്തുന്നു.

ദൈവനാമം മഹത്വപ്പെടട്ടെ.

---

# പ്രസംഗം - 3

ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ, അദ്ധ്യാപകരെ,എന്റെ പ്രിയപ്പെട്ട കൂട്ടുകാരേ,

**"മനുഷ്യൻ കാഴ്ച്ചപ്രകാരം നോക്കുന്നു; കർത്താവു ഹൃദയത്തെ നോക്കുന്നു" (1 ശമൂവേൽ 16:7).** ബൈബിളിലെ ഈ വാക്യം അന്വർത്ഥമാക്കിയ ഒരു വ്യക്തിത്വത്തെക്കുറിച്ചാണ് ഇന്ന് ഞാൻ നിങ്ങളോട് സംസാരിക്കുന്നത്. അവൻ ഒരു ആട്ടിടയനായിരുന്നു, ഒരു സംഗീതജ്ഞനായിരുന്നു, ഒടുവിൽ യിസ്രായേലിന്റെ മഹാരാജാവായിത്തീർന്നു. അതാണ് ബാലനായ ദാവീദ്.

ബെത്‌ലഹേമിലെ ഈശായിയുടെ എട്ടു മക്കളിൽ ഏറ്റവും ഇളയവനായിരുന്നു ദാവീദ്. ജ്യേഷ്ഠന്മാരെല്ലാം യുദ്ധക്കളത്തിലും മറ്റും ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ, ദാവീദ് ആടുകളെ മേയ്ക്കുകയായിരുന്നു. ആരും കാണാത്ത ആ വിജനതയിൽ അവൻ തന്റെ സമയം വെറുതെ കളഞ്ഞില്ല. അവൻ കിന്നരം വായിച്ചു ദൈവത്തെ സ്തുതിച്ചു, തന്റെ ആടുകളെ സംരക്ഷിക്കാൻ സിംഹത്തോടും കരടിയോടും പോരാടി. കുട്ടികളെ, **നമ്മൾ ചെയ്യുന്ന ചെറിയ ജോലികളിൽ വിശ്വസ്തരായിരുന്നാൽ, വലിയ കാര്യങ്ങൾ ഏൽപ്പിക്കാൻ ദൈവം നമ്മെ ഒരുക്കും** എന്നൊർക്കുക.

ഒരിക്കൽ ശമൂവേൽ പ്രവാചകൻ ഇശായിയുടെ വീട്ടിലെത്തി. യിസ്രായേലിന്റെ അടുത്ത രാജാവിനെ കണ്ടെത്താനായിരുന്നു ആ വരവ്. കാഴ്ചയിൽ സുന്ദരന്മാരും ബലശാലികളുമായ ജ്യേഷ്ഠന്മാരെ കണ്ടപ്പോൾ അവരിൽ ഒരാളാകും രാജാവെന്ന് കരുതി. എന്നാൽ ദൈവം അവരെ തിരഞ്ഞെടുത്തില്ല. ഒടുവിൽ ആടുകളെ മേയ്ച്ചു നടന്ന കൊച്ചു ദാവീദിനെ വിളിച്ചു വരുത്തി. **അവന്റെ ഹൃദയത്തിലെ ശുദ്ധിയും വിശ്വാസവും** കണ്ട ദൈവം അവനെ രാജാവായി തിരഞ്ഞെടുക്കാൻ കല്പിച്ചു.

ദാവീദിന്റെ ജീവിതത്തിലെ ഏറ്റവും വീര്യം നിറഞ്ഞ നിമിഷം ഫെലിസ്ത്യനായ ഗോലിയാത്തുമായുള്ള പോരാട്ടമാണ്. പത്തു അടിയിലധികം ഉയരമുള്ള, വമ്പൻ ആയുധങ്ങളുള്ള ഗോലിയാത്തിനെ കണ്ട് യിസ്രായേൽ സൈന്യം വിറച്ചുപോയി. എന്നാൽ തന്റെ സഹോദരങ്ങൾക്ക് ഭക്ഷണം കൊടുക്കാൻ എത്തിയ ബാലനായ ദാവീദ് ഇത് കണ്ടു. രാജാവായ ശൗൽ ദാവീദിന് വലിയ പടച്ചട്ടയും ആയുധങ്ങളും നൽകിയെങ്കിലും, അവ ഉപയോഗിച്ച് ശീലമില്ലാത്ത ദാവീദ് അവ മാറ്റിവെച്ചു. അവൻ എടുത്തത് കേവലം അഞ്ച് മിനുസമുള്ള കല്ലുകളും ഒരു കവിണയും മാത്രമാണ്. 1 ശമൂവേൽ 17:45-ൽ ദാവീദ് ഗോലിയാത്തിനോട് പറയുന്നു: *"നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു. ഞാനോ നീ നിന്ദിച്ചിട്ടുള്ള*

*ഇസ്രായേൽ നിരയുടെ ദൈവമായ ബലവാനായ കർത്താവിന്റെ നാമത്തിൽ നിന്റെ നേരേ വരുന്നു"* (**1 ശമൂവേൽ 17:45)** ഒറ്റക്കല്ലുകൊണ്ട് ദാവീദ് ആ വമ്പനെ വീഴ്ത്തി. ലോകത്തിന് അതൊരു അസാധ്യമായ കാര്യമായിരുന്നു, **എന്നാൽ ദൈവത്തോടൊപ്പം നിൽക്കുന്നവന് ഒന്നും അസാധ്യമല്ലെന്ന് ദാവീദ് തെളിയിച്ചു.**

**ദാവീദിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് മൂന്ന് പ്രധാന കാര്യങ്ങളാണ്:**

- **ഭയമില്ലായ്മ**: ദൈവം കൂടെയുണ്ടെങ്കിൽ ആരെയും ഭയപ്പെടേണ്ടതില്ല.
- **വിശ്വാസം**: നമ്മുടെ കഴിവിനേക്കാൾ ദൈവത്തിന്റെ ബലത്തിൽ ആശ്രയിക്കുക.
- **എളിമ**: ആട്ടിടയനായിരുന്നപ്പോഴും രാജാവായിരുന്നപ്പോഴും ദാവീദ് ദൈവത്തിന് മുൻപിൽ എളിയവനായിരുന്നു.

പ്രിയ കൂട്ടുകാരെ, നമ്മുടെ മുന്നിലുള്ള പ്രതിസന്ധികൾ എത്ര വലുതാണെങ്കിലും... അതൊരു പരീക്ഷയോ, രോഗമോ, പ്രയാസമോ ആകട്ടെ... ദാവീദിനെപ്പോലെ വിശ്വാസത്തോടെ മുന്നേറിയാൽ നമുക്കും വിജയിക്കാൻ സാധിക്കും. ദാവീദിനെ വഴിനടത്തിയ ദൈവം നമ്മെയും അനുഗ്രഹിക്കട്ടെ. നന്ദി.

-----------------------------------------------------------------------------------------

Kottayam Diocese Kottayam Diocese Kottayam Diocese

## പ്രസംഗം - 4

ബഹുമാന്യരായ വൈദീക ശ്രേഷ്ഠരേ, അദ്ധ്യാപകരെ, എന്റെ പ്രിയപ്പെട്ട കൂട്ടുകാരേ...

ഇന്ന് ഞാൻ സംസാരിക്കാൻ പോകുന്നത് ഒരു രാജാവിനെക്കുറിച്ചല്ല, ഒരു യോദ്ധാവിനെക്കുറിച്ചല്ല, മറിച്ച് ഒരു സാധാരണ ഇടയബാലനായി ആരംഭിച്ച് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായി മാറിയ ബാലനായ ദാവീദിനെക്കുറിച്ചാണ്.

ഇന്നത്തെ കുട്ടികൾക്കും യുവജനങ്ങൾക്കും ദാവീദിന്റെ ജീവിതം ഒരു വലിയ പ്രചോദനമാണ്. കാരണം **ദൈവം വലിയവരെയല്ല, വിശ്വാസമുള്ളവരെയാണ് ഉപയോഗിക്കുന്നത് എന്ന് ദാവീദിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.**

ഒരു ചോദ്യം നമുക്ക് ചോദിക്കാം: ഒരു സാധാരണ ആട്ടിൻകൂട്ടം മേയിക്കുന്ന ബാലൻ എങ്ങനെ ഇസ്രായേലിന്റെ മഹാരാജാവായി? ഉത്തരം ഒറ്റ വാക്കിൽ: **ദൈവവിശ്വാസം**.

ദാവീദിന്റെ കഥ ആരംഭിക്കുന്നത് ഒരു അത്ഭുത സംഭവത്തോടെയാണ്. ഇസ്രായേലിന്റെ രാജാവായ ശൗൽ ദൈവകല്പന അനുസരിക്കാതെ പോയപ്പോൾ ദൈവം പുതിയ രാജാവിനെ തിരഞ്ഞെടുക്കാൻ പ്രവാചകനായ ശമുവേലിനെ അയക്കുന്നു. ശമുവേൽ യിശ്ശായിയുടെ വീട്ടിൽ എത്തി. കാഴ്ചയിൽ സുന്ദരന്മാരും ബലശാലികളുമായ ജ്യേഷ്ഠന്മാരെ കണ്ടപ്പോൾ അവരിൽ ഒരാളാകും രാജാവെന്ന് വിചാരിച്ചു. എന്നാൽ കർത്താവ് ശമൂവേലിനോട് പറഞ്ഞതിങ്ങനെയാണ്. **(1 ശമൂവേൽ 16:7)** *"മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കാഴ്ചപ്രകാരം നോക്കുന്നു; കർത്താവു ഹൃദയത്തെ നോക്കുന്നു" എന്നു പറഞ്ഞു*. എല്ലാവരും മറന്നുപോയ ഒരു ബാലൻ ഉണ്ടായിരുന്നു — ദാവീദ്. അവൻ വയലിൽ ആടുകളെ മേയിക്കുകയായിരുന്നു. പക്ഷേ മനുഷ്യർ അവനെ മറന്നപ്പോൾ ദൈവം അവനെ ഓർത്തു. **നമ്മെ ലോകം ചെറുതായി കാണാം; പക്ഷേ ദൈവത്തിന്റെ കാഴ്ചയിൽ നാം വിലപ്പെട്ടവരാണ്**.

ദാവീദ് ഒരു രാജകുമാരൻ ആയിരുന്നില്ല. അവൻ ആടുകളെ മേയിക്കുന്ന ഒരു ഇടയബാലനായിരുന്നു. **പക്ഷേ ചെറിയ കാര്യങ്ങളിലും വിശ്വസ്തനായിരുന്നു.** ആടുകളെ സിംഹത്തിലും കരടിയിലും നിന്ന് രക്ഷിച്ചിരുന്നു. *"ഇങ്ങനെ അടിയൻ സിംഹത്തെയും കരടിയെയും കൊന്നു"* ***1 ശമൂവേൽ 17:36*** . ഇവിടെ ഒരു വലിയ പാഠമുണ്ട്: **ചെറിയ ഉത്തരവാദിത്വങ്ങളിൽ വിശ്വസ്തരായവരെ ദൈവം വലിയ കാര്യങ്ങൾക്കായി ഉപയോഗിക്കും.** ഇന്ന് കുട്ടികൾ പഠനത്തിൽ, പ്രാർത്ഥനയിൽ, മാതാപിതാക്കളെ അനുസരിക്കുന്നതിൽ, ചെറിയ ഉത്തരവാദിത്വങ്ങളിൽ വിശ്വസ്തരായാൽ ദൈവം അവരെ വലിയ അനുഗ്രഹത്തിനായി ഒരുക്കും.

ഇപ്പോൾ നമ്മുക്ക് ദാവീദിന്റെ ജീവിതത്തിലെ ഏറ്റവും പ്രശസ്തമായ സംഭവത്തിലേക്ക് കടന്നു ചെല്ലാം. ഫെലിസ്ത്യരുടെ സൈന്യത്തിൽ ഒരു ഭീമൻ ഉണ്ടായിരുന്നു — ഗോല്യാത്ത്. ഏകദേശം 10 അടി ഉയരം! കയ്യിൽ വലിയ കുന്തം! എല്ലാവരും അവനെ കണ്ടു പേടിച്ചു. ഇസ്രായേൽ സൈന്യത്തിലെ വലിയ സൈനികർ പോലും ഭയന്നു. അപ്പോൾ ഒരു ചെറിയ ബാലൻ മുന്നോട്ട് വന്നു — ദാവീദ്. എല്ലാവരും ചോദിച്ചു: "ഇവൻ ഒരു കുട്ടിയല്ലേ?" 1 ശമൂവേൽ 17:45-ൽ ദാവീദ് ഗോലിയാത്തിനോട് പറയുന്നു: *"നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു. ഞാനോ നീ നിന്ദിച്ചിട്ടുള്ള ഇസ്രായേൽ നിരയുടെ ദൈവമായ ബലവാനായ കർത്താവിന്റെ നാമത്തിൽ നിന്റെ നേരേ വരുന്നു"* (**1 ശമൂവേൽ 17:45)** അഞ്ച് ചെറിയ കല്ലുകൾ എടുത്തു. ഒരു കല്ല് ഗോല്യാത്തിന്റെ നെറ്റിയിൽ പതിച്ചു. ഇവിടെ ഒരു വലിയ സത്യമുണ്ട്: **ദൈവം നമ്മുടെ വലിപ്പമല്ല നോക്കുന്നത്; നമ്മുടെ വിശ്വാസമാണ് നോക്കുന്നത്.** പ്രിയമുള്ളവരേ, ദാവീദിനെ എല്ലാവരും ചെറുതായി കണ്ടു. പക്ഷേ ദൈവം അവനെ വിശ്വസിച്ചു. ദൈവം നമ്മെയും വിശ്വസിക്കുന്നു.

**ദാവീദിന്റെ ജീവിതത്തിൽ നിന്ന് പഠിക്കേണ്ട 5 പാഠങ്ങൾ എന്തെല്ലാമാണെന്ന് നമ്മുക്ക് നോക്കാം**

1**) പ്രാർത്ഥിക്കുന്ന കുട്ടിയാകുക** : ദാവീദ് ദൈവവുമായി അടുത്ത ബന്ധം പുലർത്തി. "കർത്താവ് എന്നെ മേയിക്കും, എനിക്കു യാതൊരു മുട്ടും വരുത്തുകയില്ല.." — സങ്കീർത്തനങ്ങൾ 23:1

2) **ഭയപ്പെടാതെ മുന്നോട്ട് പോവുക :** ഗോല്യാത്ത് പോലുള്ള പ്രശ്നങ്ങൾ വന്നാലും വിശ്വാസം നഷ്ടപ്പെടുത്തരുത്.

3) **ചെറിയ കാര്യങ്ങളിൽ വിശ്വസ്തരാകുക:** ആടുകളെ കാത്ത ബാലൻ പിന്നീട് രാജ്യം കാത്ത രാജാവായി.

4) **ദൈവത്തിൽ ആശ്രയിക്കുക :** ആയുധങ്ങളിലല്ല, ദൈവത്തിലായിരുന്നു ദാവീദിന്റെ വിശ്വാസം.

5) **വിനയമുള്ളവരാകുക:** രാജാവായ ശേഷവും ദാവീദ് ദൈവത്തെ സ്തുതിച്ചു.

ജീവിതത്തിൽ ഓരോരുത്തർക്കും ഒരു "ഗോല്യാത്ത്" ഉണ്ടാകും. ഒരാൾക്ക് പരീക്ഷാഭയം, മറ്റൊരാൾക്ക് ദാരിദ്ര്യം, മറ്റൊരാൾക്ക് രോഗം, മറ്റൊരാൾക്ക് കുടുംബപ്രശ്നം. പക്ഷേ ദാവീദ് പഠിപ്പിക്കുന്നത്**: "പ്രശ്നം എത്ര വലുതാണെന്ന് നോക്കരുത്; നമ്മുടെ ദൈവം എത്ര വലിയവനാണെന്ന് നോക്കുക."**

പ്രിയ കുഞ്ഞുമക്കളേ, ദാവീദ് വലിയ കുടുംബത്തിൽ ജനിച്ചില്ല. ശക്തനായ സൈനികനും ആയിരുന്നില്ല. പക്ഷേ ഒരു കാര്യം ഉണ്ടായിരുന്നു: **ദൈവത്തിൽ ഉറച്ച വിശ്വാസം**. അതുകൊണ്ടാണ് ഒരു ഇടയബാലൻ രാജാവായത്. ഇന്ന് നമുക്ക് ഒരു തീരുമാനം എടുക്കാം: ഞാനും ദാവീദിനെപ്പോലെ വിശ്വാസമുള്ള കുട്ടിയാകും. പ്രാർത്ഥിക്കുന്ന കുട്ടിയാകും. ധൈര്യമുള്ള കുട്ടിയാകും. അവസാനമായി ദാവീദിന്റെ ആത്മവിശ്വാസം നിറഞ്ഞ വാക്കുകൾ ഓർക്കാം: *"കർത്താവ് എന്റെ പ്രകാശവും എന്റെ രക്ഷയുമാകുന്നു; ഞാൻ ആരെ ഭയപ്പെടും?"*— **സങ്കീർത്തനങ്ങൾ 27:1** ദൈവം ഓരോ കുഞ്ഞിനെയും ദാവീദിനെപ്പോലെ വിശ്വാസത്തിന്റെ മാതൃകയാക്കട്ടെ. നന്ദി.

**https://mjssakottayamdiocese.com/kalolsavam**

----------------------------------------- ---

## പ്രസംഗവിഷയവുമായി ബന്ധപ്പെട്ട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ ഇതൊടൊപ്പം നൽകുന്നു. ഇതിൽ നിന്നും ഉചിതമായ വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം കുട്ടികളുടെ രീതിയിൽ പുനർക്രമീകരിക്കുക.

“ബാലനായ ദാവീദ്” എന്ന വിഷയത്തിൽ പ്രസംഗം പറയാൻ സഹായിക്കുന്ന വിധത്തിൽ വി.ഗ്രന്ഥത്തിൽ (ബൈബിൾ) നിന്നുള്ള പ്രധാന റഫറൻസുകൾ താഴെ കൊടുക്കുന്നു. ദാവീദിന്റെ ബാല്യകാല വിശ്വാസം, ധൈര്യം, അനുസരണം, ദൈവവിശ്വാസം തുടങ്ങിയ കാര്യങ്ങൾ പ്രസംഗത്തിൽ ഉൾപ്പെടുത്താൻ ഇവ ഉപകരിക്കും.

### ദൈവവിളിയും അഭിഷേകവും

**1 ശമുവേൽ 16:7**
“മനുഷ്യൻ കാഴ്ച്ചപ്രകാരം നോക്കുന്നു; കർത്താവു ഹൃദയത്തെ നോക്കുന്നു" (ബാഹ്യ സൗന്ദര്യത്തേക്കാൾ ഹൃദയപരമാർത്ഥതയ്ക്കാണ് ദൈവം മുൻഗണന നൽകുന്നതെന്ന് വ്യക്തമാക്കുന്ന വാക്യം).

**1 ശമുവേൽ 16:11**
"ഇനി ഏറ്റവും ഇളയവൻ ഒരുവൻ ഉണ്ട്; അവൻ ആടുകളെ മേയിക്കുകയാണ്." (ഏറ്റവും എളിയ നിലയിൽ നിന്നാണ് ദൈവം ദാവീദിനെ തിരഞ്ഞെടുത്തതെന്ന് ഇത് കാണിക്കുന്നു).

**1 ശമുവേൽ 16:13**
"അന്നു മുതൽ കർത്താവിന്റെ ആത്മാവ് ദാവീദിന്മേൽ വന്നു." (ദൈവത്തിന്റെ അഭിഷേകം ദാവീദിന് ലഭിച്ച നിമിഷം).

### കഴിവുകളും സ്വഭാവശുദ്ധിയും

**1 ശമുവേൽ 16:18**
"അവൻ കിന്നരവായനയിൽ നിപുണനും പരാക്രമിയും യോദ്ധാവും വാക്ചാതുര്യമുള്ളവനും കോമളനും ആകുന്നു. കർത്താവും അവനോടു കൂടെ ഉണ്ട്" (ദാവീദിന്റെ ഗുണഗണങ്ങൾ വിവരിക്കുന്നു).

***1 ശമുവേൽ 17:36***
*“ഇങ്ങനെ അടിയൻ സിംഹത്തെയും കരടിയെയും കൊന്നു”*
*(*തന്റെ ജോലിയോടുള്ള വിശ്വസ്തതയും ധൈര്യവും പ്രകടമാക്കുന്ന ഭാഗം).

### വിശ്വാസവും പോരാട്ടവീര്യവും

**1 ശമുവേൽ 17:37**
"സിംഹത്തിന്റെ കയ്യിൽ നിന്നും കരടിയുടെ കയ്യിൽ നിന്നും എന്നെ രക്ഷിച്ച യഹോവ ഈ ഫെലിസ്ത്യന്റെ കയ്യിൽ നിന്നും എന്നെ രക്ഷിക്കും." (കഴിഞ്ഞകാലത്തെ ദൈവാനുഭവങ്ങൾ നൽകുന്ന ആത്മവിശ്വാസം).

**1 ശമുവേൽ 17:40**
"പിന്നെ അവൻ തന്റെ വടി എടുത്തു. തോട്ടിൽ നിന്നു മിനുസമുള്ള അഞ്ച് കല്ലും തിരഞ്ഞെടുത്തു..... കയ്യിൽ കവിണയുമായി ഫെലിസ്ത്യനോട് അടുത്തു." (ലളിതമായ മാർഗ്ഗങ്ങളിലൂടെ ദൈവം വലിയ വിജയം നൽകുന്നു).

**1 ശമുവേൽ 17:45**
"നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു. ഞാനോ നീ നിന്ദിച്ചിട്ടുള്ള ഇസ്രായേൽ നിരയുടെ ദൈവമായ ബലവാനായ കർത്താവിന്റെ നാമത്തിൽ നിന്റെ നേരേ വരുന്നു"

**1 ശമുവേൽ 17:47**
“യുദ്ധം ദൈവത്തിനുള്ളത്. അവൻ നിങ്ങളെ ഞങ്ങളുടെ കയ്യിൽ ഏല്പിച്ചുതരും” (വിജയം ദൈവത്തിൽ നിന്നാണെന്ന വലിയ സത്യം ദാവീദ് പ്രഖ്യാപിക്കുന്നു).

**സങ്കീർത്തനങ്ങൾ 23:1**
“കർത്താവ് എന്നെ മേയിക്കും, എനിക്കു യാതൊരു മുട്ടും വരുത്തുകയില്ല..” (ബാല്യത്തിൽ തന്നെ ദൈവത്തോടുള്ള ബന്ധം.)

## പുതിയ നിയമ സാക്ഷ്യം

**പ്രക്ഷീസ് 13:22**
"ഇശായിയുടെ പുത്രനായ ദാവീദിനെ എന്റെ ഹൃദയത്തിനു ചേരുന്ന മനുഷ്യനായി ഞാൻ കണ്ടെത്തിയിരിക്കുന്നു. അവൻ എന്റെ സർവ്വ ഇഷ്ടവും നിർവ്വഹിക്കും." (ദാവീദിന്റെ ജീവിതത്തെ ദൈവം എങ്ങനെ കണ്ടു എന്നതിന്റെ ചുരുക്കം).

**1 തീമോത്തിയോസ് 4:12**
ആരും നിന്റെ യൗവ്വനത്തെ നിസ്സാരമാക്കാൻ ഇടയാകരുത്. പിന്നെയോ, വാക്കിലും, പെരുമാറ്റത്തിലും, സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും നീ വിശ്വാസികൾക്ക് മാതൃകയായിരിക്കണം (ബാല്യവും യൗവനവും ദൈവത്തിനായി ഉപയോഗിക്കാം — ദാവീദ് അതിന്റെ ഉദാഹരണം)

**പ്രസംഗത്തിന്റെ പ്രധാന ആശയങ്ങൾ:**
- ദൈവം ചെറിയവരെയും തിരഞ്ഞെടുക്കുന്നു
- അനുസരണവും വിശ്വസ്തതയും
- ഭയത്തെക്കാൾ വലിയ വിശ്വാസം
- ചെറിയ അനുഭവങ്ങൾ വലിയ വിജയങ്ങൾക്ക് തയ്യാറാക്കുന്നു
- ദൈവനാമത്തിൽ മുന്നോട്ട് പോകുക

Kottayam Diocese Kottayam Diocese Kottayam Diocese

---

| Category | Date of Birth | Time | Total Marks |
|---|---|---|---|
| Sub Junior | On or after 01.01.2018 | 3 Minutes | 100 |

| Scoring Indicators | Marks | Scoring Indicators | Marks |
|---|---|---|---|
| ആമുഖം | 5 | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | ധാരാവാഹിതം Fluency | 10 |
| ആശയസ്പുടത | 40 | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്പുടത | 10 | ഉപസംഹാരം | 5 |

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

സബ് ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ **റവ.ഫാ.യൂഹാന്നോൻ ( സിബി ) വേലിയ്ക്കകത്ത്, റവ.ഫാ.എമിൽ വർഗീസ് വേലിയ്ക്കകത്ത്** എന്നീ വൈദീകരോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള നാല് മാതൃക പ്രസംഗങ്ങളും വായിച്ച്, ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വി.ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. **Scoring Indicators** കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

M.J.S.S.A KOTTAYAM DIOCESE

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

https://mjssakottayamdiocese.com/kalolsavam

**2026 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

**----------------------**

## A. ആരാധനാഗീതം മലയാളം

### വി.കുർബ്ബാനക്രമം : സ്ലീബാ നമസ്ക്കാരം

**---------------------**

**Song No: 42**

ഞാനെല്ലാം പരിശോധിച്ചു കർത്തൃ....

**https://youtu.be/qrpPabfC_Lk?si=9oBnaVRGup1x8iqG**

**Song No: 43**

കർത്താവേ! കൃപ ചെയ്യണമേ മാതൃ... **https://youtu.be/IqIKXKrUs04**

### വി.കുർബ്ബാനക്രമം : കൃംതാ നമസ്ക്കാരം

**----------------------**

**Song No: 44**

ഈ-നിന്നുത്ഥാനത്തിൻ നാൾ വംശത്തലയാം.... **https://youtu.be/I6pRXN_s2Rc**

**Song No: 45**

നിൻ മുറിവുകളിന്നേറ്റേൻ മൂറോൻ... **https://youtu.be/VL--MFtWIRU**

**Song No: 46**

രക്ഷാകരനേ നിൻ്റെ മുഖം കാണ്മതിനു.... **https://youtu.be/vJFyYWM-33M**

**Song No: 47**

കർത്താവേയാശ്വാസം നൽക ഉത്ഥാനത്തിൻ....

**Version 1** **https://youtu.be/UbI2IkR9gx8**

**Version 2** **https://youtu.be/qyXn6_JuxFw**

**Song No: 48**

മഹിമയൊടാക്കബെറിന്നു പുറ-പ്പെട്ടീസൃഷ്ടികളെ... **https://youtu.be/aY1MGQ8XgkQ**

**Song No: 49**

നാഥാ! നിൻ രാജ്യത്തിൻ മഹിമാ... **https://youtu.be/W6v_YXcXoWw**

### വി.കുർബ്ബാന ഗീതങ്ങൾ

**-------------------**

**Song No: 57**

അഗ്നിരഥത്തിൽ ആരോഹിതനാം ദൈവ... **https://youtu.be/33EHDew01Ug**

## വൈദീകരുടെ ശവസംസ്കാരം

------------------------

**Song No: 91**

നശ്വരമാം വീടേ!- എന്തിനു മോഹിപ്പിച്ചെന്നെ... https://youtu.be/JJ6xllxg-68

**Song No: 92**

സുവിശേ-ഷോൽസുകനായ നിൻമെയ് ... https://youtu.be/JtYZQ20g9BQ

**Song No: 93**

അ-ബ്രാമിൻ സുതനാമഹറോൻ... https://youtu.be/m4DUBmffRxU

**Song No: 94**

മൂശാനി നിബിതൻ മരണത്തിൻ ബഹുമാനാ... https://youtu.be/dFzE1ymXI3w

**Song No: 95**

ആചാര്യ - നിർമ്മ- ലചരിതാ സിദ്ധ-ഗണ... https://youtu.be/TecX-tEq9xc

**Song No: 96**

ശുചിയോടാ - ചാര്യാ -ർപ്പിതമാം ധൂപം... https://youtu.be/b4M3Zeu34vY

**Song No: 99**

രക്ഷകനേ! വാങ്ങിപ്പോ-യി നിന്നെ ശു-ശ്രൂഷി... https://youtu.be/HgtbEI5XEJw

**Song No: 100**

ഈ ആചാര്യന്നാശ്വാസം നൽകേണം നാഥാ!.... https://youtu.be/e_ntR2gDGuA

—

**@avinesh thandasseril, Director**

# B. ആരാധനാഗീതം സുറിയാനി

## വി.കുർബ്ബാന ഗീതങ്ങൾ

-----------------

**Song No: 53**

ഹോ എ്ദോനൊ ദസ്-ലൂസോ ഹോ....

**Version 1** https://youtu.be/1JsUvLr11UE

**Version 2** https://youtu.be/8Oj8xqtPRqQ

## വൈദീകരുടെ ശവസംസ്കാരം

---------------------

**Song No: 91**

ഓ ഉമറൊ ദ്സബ്നൊ ല്മൂൻ എസ്കെൽ.... **https://youtu.be/6EaAES1Cufs**

**Song No: 93**

ല്ബേശ് ആഫൂദോ ദ്കൊഹ്നൂസൊ അഹ്റൂൻ.. **https://youtu.be/TVgz3Yu7I3k**

**Song No: 97**

മോ ഫായോ ലോ ല്കൊഹസ്സൂസൊ മാക്കി... **https://youtu.be/4dr7T3i7kW0**

**Song No: 100**

ല്കൊഹ് നോ ക് ആനീഹ് ബയ്നോസ്.... **https://youtu.be/UetrqMRnJQk**

**Website**

**https://www.mjssakottayamdiocese.com**

**Plz Subscribe the Channel for more videos**

**https://www.youtube.com/@MJSSAKOTTAYAMDIOCESE**

## 2026 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ

----------------------

MJSSA ക്രമീകരിച്ചു തന്ന തെരഞ്ഞെടുത്ത ആരാധനാഗീതങ്ങളിൽ നിന്നും 2026 ലെ കലോത്സവത്തിൽ ഉപയോഗിക്കുന്നതിനായി സിലബസ് പ്രകാരം, **ആരാധനാഗീതം മലയാളത്തിൽ Song No: 42 മുതൽ 65 വരെയും, 89 മുതൽ 100 വരെയുമുള്ള 35 ഗീതങ്ങളും, ആരാധനാഗീതം സുറിയാനിയിൽ Song No: 50, 53, 54, 57, 61, 62, 63, 90, 91, 93, 97, 100 എന്നീ പന്ത്രണ്ട് ഗീതങ്ങളുമാണ്** ഉപയോഗിക്കാവുന്നത്. ആയതിൽ ലഭ്യമായിട്ടുള്ള പാട്ടുകളുടെ ലിങ്ക് ഇതൊടൊപ്പം നൽകുന്നു.

**ശ്രദ്ധിക്കുക**

1. ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ (നിറം) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം പാട്ടുബുക്കിൽ ഗീതത്തിന്റെ നമ്പറിന് ശേഷം നൽകിയിട്ടുണ്ട്.

2. രണ്ട് ഖണ്ഡികയോ, അതിലധികമോ ഉള്ള ഗീതങ്ങൾ യഥാക്രമം മൂന്ന് മിനിറ്റിൽ അവസാനിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത ഗാനങ്ങൾ ക്രമീകരിക്കുന്നതിന് വേണ്ടി നേതൃത്വം നൽകിയ MJSSA ഭാരവാഹികൾക്കും കലോത്സവ കമ്മിറ്റി അംഗങ്ങൾക്കുമുള്ള നന്ദി അറിയിക്കുന്നു.

ഈ വർഷത്തെ കലോത്സവ ഗാനങ്ങൾ ഏവരിലേക്കും എത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ശ്രമകരമായ യൂട്യൂബ് വീഡിയോകളും ഈ ലിങ്കും പൂർത്തിയാക്കിയിരിക്കുന്നത്. പരമാവധി കുട്ടികൾ പാട്ടുകൾ ശരിയായ വിധത്തിൽ പഠിച്ച് കലോത്സവത്തിലും മുന്നോട്ടുള്ള ജീവിതത്തിലും ഉപയോഗപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്...




**അവിനേഷ് തണ്ടാശ്ശേരിൽ**
കോട്ടയം ഭദ്രാസന ഡയറക്ടർ
**9061200790**

## https://mjssakottayamdiocese.com/kalolsavam

**Social Media Platforms of MJSSA Kottayam Diocese**

| | |
|---|---|
| ***Website*** | **http://www.mjssakottayamdiocese.com** |
| ***YouTube Channel*** | https://www.youtube.com/@MJSSAKOTTAYAMDIOCESE |
| ***Facebook*** | https://www.facebook.com/M.J.S.S.A.KottayamDiocese |
| ***e-mail*** | mjssakottayamdiocese@gmail.com |